# പതിമൂന്നാം കേരള നിയമസഭ
## പത്താം സമ്മേളനം

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം.*132** — **21.01.2014-ൽ മറുപടിക്ക്**

## കൃഷിഫാമുകളിലെ പ്രശ്നങ്ങൾ പരിഹരിക്കാൻ നടപടി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.പി.ഉബൈദുള്ള<br>ശ്രീ.എൻ.എ. നെല്ലിക്കുന്ന്<br>ശ്രീ.കെ. മുഹമ്മദുണ്ണി ഹാജി<br>ശ്രീ.സി.മമ്മൂട്ടി | ശ്രീ.കെ.പി.മോഹനൻ<br>(കൃഷിയും, മൃഗസംരക്ഷണവും, അച്ചടിയും സ്റ്റേഷനറിയും വകുപ്പ് മന്ത്രി) |
| എ) തിരുവനന്തപുരം ജില്ലാ കൃഷിത്തോട്ടത്തിലെ കൃഷി മന്ത്രിയുടെ സന്ദർശനത്തിലൂടെ വെളിവായ പ്രശ്നങ്ങൾ വിശദമാക്കുമോ; | എ) 10.12.2013-ന് ബഹു.കൃഷി വകുപ്പ് മന്ത്രി തിരുവനന്തപുരം ജില്ലയിലെ പെരിങ്ങമലയിലുള്ള ജില്ലാ കൃഷിത്തോട്ടം സന്ദർശിക്കുകയുണ്ടായി സന്ദർശന വേളയിൽ താഴെ പറയുന്ന പ്രശ്നങ്ങളാണ് ഉണ്ടായിരുന്നത് :<br>1) നിലവിലെ വിളകളിൽ നിന്നുള്ള ഉല്പാദനക്കുറവ്.<br>2) ഫാമിലെ ഉൽപ്പന്നങ്ങൾ വിറ്റഴിക്കുവാനുള്ള സൗകര്യക്കുറവ്.<br>3) നിലവിലെ ഫാമിന് പ്രദർശനതോട്ടത്തിന്റെ രൂപമില്ലാത്തത്.<br>4) എല്ലാ തൊഴിലാളികൾക്കും ജോലി ഇല്ലാത്തത്. |
| ബി) ഇതിന്റെ അടിസ്ഥാനത്തിൽ കൃഷി വകുപ്പിന്റെ, കീഴിലെ മറ്റു ഫാമുകളും സന്ദർശിക്കുന്നതിനും പ്രശ്നങ്ങൾ പഠിക്കുന്നതിനും ഉദ്ദേശിക്കുന്നുണ്ടോ; | ബി) പല ഫാമുകളിലും ഇതിനകം സന്ദർശനം നടത്തി കഴിഞ്ഞു. |
| സി) സന്ദർശനങ്ങളിൽ നിന്നുള്ള അനുഭവങ്ങളുടെ വെളിച്ചത്തിൽ സംസ്ഥാനത്തിന്റെ കാർഷിക മേഖലയിൽ ഗുണപരമായ പരിവർത്തനം ഉണ്ടാക്കാനുതകുന്ന നടപടികൾ സ്വീകരിക്കുമോ? ആയത് സംബന്ധിച്ച വിശദ വിവരം ലഭ്യമാക്കുമോ? | സി) സംസ്ഥാനത്തെ കൃഷി ഫാമുകൾ ശാക്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. ഇതിന്റെ ഭാഗമായി 23/12/2013-ന് ജില്ലാ പഞ്ചായത്ത് പ്രസിഡന്റുമാരുടെയും, സെക്രട്ടറിമാരുടേയും എല്ലാ ഫാം ഓഫീസർമാരുടേയും കാർഷികോല്പാദന കമ്മീഷണർ ഉൾപ്പെടെയുള്ള ഉന്നത ഉദ്യോഗസ്ഥരുടെയും ഒരു യോഗം ബഹു.കൃഷി വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ ചേരുകയും താഴെ പറയുന്ന തീരുമാനങ്ങൾ എടുക്കുകയും ചെയ്തു.<br>ഫാമുകളിൽ വികസന പ്രവർത്തനത്തിന്റെ ഭാഗമായി നടത്തുന്ന നിർമ്മാണ പ്രവർത്തനങ്ങൾ പൊതുമരാമത്ത് വകുപ്പുമായി ബന്ധപ്പെട്ട് ത്വരിതപ്പെടുത്തുവാൻ തീരുമാനിച്ചു. |

ജലസേചനം ഉൾപ്പെടെയുള്ള ഫാമുകളുടെ ഭൗതിക സാഹചര്യങ്ങൾ ഉറപ്പുവരുത്തുന്നതിന് ഉതകുന്ന പദ്ധതികൾ വിഭാവനം ചെയ്യുവാൻ നിർദ്ദേശങ്ങൾ നൽകി.

ജില്ലാ ഫാം ഉപദേശക സമിതി ജില്ലാ പഞ്ചായത്ത് അംഗങ്ങളെക്കൂടി ഉൾപ്പെടുത്തി പുനസംഘടിപ്പിക്കുവാൻ തീരുമാനിച്ചു.

ശാക്തീകരണത്തിലും ആധുനിക വൽക്കരണത്തിലും സൗന്ദര്യവൽക്കരണത്തിലും ഫാമുകളുടെ ഇടയിൽ ഒരു മൽസരബുദ്ധി ഉളവാക്കുന്നതിന് സംസ്ഥാനത്തെ കൃഷി മൃഗസംരക്ഷണ വകുപ്പുകളുടെ ഫാമുകൾക്കിടയിൽ പ്രത്യേക സമ്മാന പദ്ധതി ഏർപ്പെടുത്തുവാൻ തീരുമാനിച്ചു. 2014 ജൂൺ 30 നകം കൂടുതൽ കാര്യക്ഷമവും ഉല്പാദന വിപണന മേഖലകളിൽ കൂടുതൽ മികവും കാട്ടുന്ന ഫാമുകൾക്കാണ് സമ്മാനങ്ങൾ ഏർപ്പെടുത്തിയിരിക്കുന്നത്.

ജില്ല പഞ്ചായത്തുതല-വകുപ്പുതല കൃഷി ഫാമുകളുടെയിടയിൽ മികവ് തെളിയിക്കുന്നവർക്ക് ഒന്നും, രണ്ടും, മൂന്നും സമ്മാനമായി യഥാക്രമം പതിനഞ്ച് ലക്ഷം, പത്ത് ലക്ഷം, അഞ്ച് ലക്ഷം എന്നീ ക്രമത്തിൽ സമ്മാനങ്ങൾ നൽകും. മൃഗസംരക്ഷണ വകുപ്പിന്റെ ഫാമുകൾക്ക് ഇവ യഥാക്രമം പത്ത് ലക്ഷം, അഞ്ച് ലക്ഷം, മൂന്നു ലക്ഷം എന്നീ ക്രമത്തിലായിരിക്കും സമ്മാനങ്ങൾ നൽകുന്നത്. ഫാമുകളിൽ ഘട്ടംഘട്ടമായി ജൈവവളങ്ങളും, ജൈവ കീടനാശിനികളും മാത്രമേ ഉപയോഗിക്കാവൂ എന്നും തീരുമാനമെടുത്തിട്ടുണ്ട്.

ഫാമുകളുടെ ശാക്തീകരണത്തിന്റെ ഭാഗമായി താഴെ പറയുന്ന ഘടകങ്ങൾ കൂടി നടപ്പിലാക്കുവാൻ തീരുമാനിച്ചു.

1. എല്ലാ കൃഷി ഫാമുകളിലും കുറഞ്ഞത് 10 പശുക്കളെങ്കിലും ഉള്ള ഡയറി യൂണിറ്റ്.
2. സുഗമമായ പ്രവർത്തനത്തിന് വാഹനങ്ങൾ.
3. അതിർത്തി ശക്തിപ്പെടുത്തൽ.
4. യന്ത്രവൽക്കരണം.
5. അടിസ്ഥാന സൗകര്യം മെച്ചപ്പെടുത്തൽ.

(ഒപ്പ്)

സെക്ഷൻ ഓഫീസർ